# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.181 | 04.05.2017- ൽ മറുപടിയ്ക്ക് |

## പെട്രോളിയം ഉല്പന്നങ്ങൾക്കുള്ള നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ<br>,, കെ.മുരളീധരൻ<br>,, എൽദോസ് കുന്നപ്പിള്ളി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | പെട്രോളിയം ഉല്പന്നങ്ങൾക്കുള്ള നികുതി നിലവിൽ ജി.എസ്.റ്റി.യുടെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; | (എ) | ഭരണഘടനാ ഭേദഗതി പ്രകാരം തന്നെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി യിൽ നിന്നും താല്ക്കാലികമായി ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | അഞ്ച് വർഷത്തിനുള്ളിൽ പെട്രോളിയം ഉല്പന്നങ്ങളിൽ നിന്നുള്ള നികുതി ജി.എസ്.റ്റി.യിൽ വരുന്ന സാഹചര്യത്തിൽ അതിന്മേലുള്ള സെസ്സ് പിരിക്കുവാനുള്ള അവകാശം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാകാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | പെട്രോളിയം ഉല്പന്നങ്ങൾ ജി.എസ്.ടി യിൽ ഉൾപ്പെടുത്തിയാൽ, അതിനുശേഷം സെസ്സ് ചുമത്താൻ സംസ്ഥാനത്തിന് അധികാരം ഉണ്ടാകില്ല. നിലവിൽ പാസാക്കിയ നിയമ പ്രകാരം (GST Compensation Act), കേന്ദ്രത്തിനു മാത്രമേ ആ നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ ചരക്കുകളിലും സേവനങ്ങളിലും സെസ്സ് ചുമത്താൻ അധികാരമുള്ളൂ. |
| (സി) | ഇപ്രകാരം സെസ്സ് പിരിക്കുവാനുള്ള അവകാശം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ അത് കിഫ്ബിയുടെ സാമ്പത്തിക സ്രോതസ്സിനെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെ തരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് പറയാമോ? | (സി) | ഇപ്പോൾ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മറിച്ചൊരു സാഹചര്യം വരുന്ന ഘട്ടത്തിൽ ആലോചിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ